Email-rrsmoncompu@kau.in
ഫോൺ 0477 2702245

**കേരള കാർഷിക സർവ്വകലാശാല**
നെല്ല് ഗവേഷണകേന്ദ്രം, മങ്കൊമ്പ്, തെക്കേക്കര പി.ഒ.
ആലപ്പുഴ 688503

നംപർ: എ/176/17 തീയതി 11.03.2016

## വിജ്ഞാപനം

ഈ ഗവേഷണ കേന്ദ്രത്തിലെ 'സ്റ്റേഷൻ വൈസ് ഫണ്ടിങ്ങ് ഓൺ ഓൺഗോയിങ്ങ് പ്രൊജക്റ്റ്സ് ആന്റ് മൈനർ ഇൻഫ്രാസ്ട്രക്ചർ സപ്പോർട്ട്' എന്ന പ്രൊജക്റ്റിൽ ഒരു ടെക്നിക്കൽ അസിസ്റ്റന്റിനെ വാക്ക്- ഇൻ- ഇന്റർവ്യൂ മുഖേന താൽക്കാലികാടിസ്ഥാനത്തിൽ നിയമിക്കുന്നതിന് താഴെപ്പറയുന്ന യോഗ്യതയുള്ളവരിൽ നിന്നും അപേക്ഷ ക്ഷണിയ്ക്കുന്നു.

| | |
|---|---|
| തസ്തിക | : ടെക്നിക്കൽ അസിസ്റ്റന്റ് (1 ഒഴിവ്) |
| വിദ്യാഭ്യാസ യോഗ്യത | : വി.എച്ച്.എസ്.സി. (അഗ്രിക്കൾച്ചർ) ഉം ഏതെങ്കിലും വിഷയത്തിലുള്ള സയൻസ് ഡിഗ്രി ഉം |
| അഭിലഷണീയ യോഗ്യത | : കംപ്യൂട്ടർ പരിജ്ഞാനം |
| വേതനം | : പ്രതിമാസം 10,000 രൂപ |
| പ്രായം | : 18–36 |

## വ്യവസ്ഥകളും നിബന്ധനകളും

വാക്ക് ഇൻ ഇന്റർവ്യൂവിൽ പങ്കെടുക്കാൻ ആഗ്രഹിക്കുന്നവർ വിദ്യാഭ്യാസ യോഗ്യത, ജനനത്തീയതി, ജാതി, പ്രവർത്തി പരിചയം എന്നിവ തെളിയിക്കുന്നതിനുള്ള അസ്സൽ സർട്ടിഫിക്കേറ്റുകളും ഓരോ പകർപ്പുകളും സഹിതം 21/3/17 ന് രാവിലെ 9.30 ന് മുമ്പായി മങ്കൊമ്പ് നെല്ല് ഗവേഷണകേന്ദ്രത്തിൽ എത്തിച്ചേരേണ്ടതാണ്. 02/01/1980 നും 01/01/1998നും ഇടയിൽ ജനിച്ചവർ ആയിരിക്കണം. പട്ടികജാതി/പട്ടികവർഗ്ഗ വിഭാഗക്കാർക്കും മറ്റു പിന്നോക്ക വിഭാഗക്കാർക്കും നിയമ പ്രകാരമുള്ള വയസ്സിളവ് ഉണ്ടായിരിക്കുന്നതാണ്.

1. ഉദ്യോഗാർത്ഥികൾ www.kau.edu എന്ന വെബ്സൈറ്റിൽ പ്രസിദ്ധീകരിച്ചിരിക്കുന്ന വിജ്ഞാപനത്തിനൊപ്പം അനുബന്ധം – 1 ആയി കൊടുത്തിരിക്കുന്ന പേഴ്സണൽ ഡാറ്റാഷീറ്റും പൂരിപ്പിച്ച് കൊണ്ടുവരേണ്ടതാണ്.
2. കൂടുതൽ അപേക്ഷകൾ ഉണ്ടെങ്കിൽ ഇൻറർവ്യൂവിനു മുൻപായി എഴുത്തുപരീക്ഷ ഉണ്ടായിരിക്കുന്നതാണ്. എഴുത്തുപരീക്ഷയിൽ നിശ്ചിത മാർക്ക് ലഭിക്കുന്നവരെ മാത്രമായിരിക്കും ഇന്റർവ്യൂവിൽ പങ്കെടുപ്പിക്കുക.

3. ഇന്റർവ്യൂവിനു മുൻപായി ഉദ്യോഗാർത്ഥികളുടെ സർട്ടിഫിക്കേറ്റുകൾ പരിശോധിക്കുന്നതാണ്. വിജ്ഞാപനത്തിൽ നിഷ്കർഷിച്ചിരിക്കുന്ന യോഗ്യതയുള്ളവരെ മാത്രമേ ടെസ്റ്റ്/ഇന്ററർവ്യൂവിൽ പങ്കെടുപ്പിക്കാൻ ആനുവദിക്കുകയുള്ളൂ.
4. നിയമനം പ്രൊജക്റ്റ് കാലാവധി തീരുന്നതുവരെ മാത്രമായിരിക്കും. നിയമിക്കപ്പെടുന്നവർക്ക് അതാതു തസ്തികകളുടെ ശമ്പളത്തിനൊഴികെ സർവ്വകലാശാലയിൽ മറ്റൊരു അവകാശവും ഉണ്ടായിരിക്കുന്നതല്ല.
5. കേരളസർക്കാരിന്റെ നിലവിലുള്ള സംവരണ തത്വങ്ങൾ ഈ നിയമനങ്ങൾക്കും ബാധകമായിരിക്കും.

വിശദവിവരങ്ങൾക്ക് 0477–2702245 എന്ന നമ്പറിൽ ബന്ധപ്പെടുക.

ഒപ്പ്/–
**പ്രൊഫസർ & ഹെഡ്സ്**

പകർപ്പ്:

ഡയറക്ടർ CITI, KAU/ P.R.O, KAU/ പബ്ളിക് റിലേഷൻസ് ഓഫീസർ, ആലപ്പുഴ/ഗ്രാമ പഞ്ചായത്ത്/ബ്ലോക്ക് പഞ്ചായത്ത്/താലൂക്ക് ഓഫീസ്, കുട്ടനാട്/ വില്ലേജ് ഓഫീസ്, ചമ്പക്കുളം/ കൃഷിഭവൻ, ചമ്പക്കുളം/ ഓഫീസ് നോട്ടീസ് ബോർഡ്

**അഡ്മിനിസ്ട്രേറ്റീവ് അസിസ്റ്റന്റ്**